ഭരണഭാഷ – മാതൃഭാഷ

നമ്പർ: എൻ.ഇ പി(1)/36492/2016/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 22.06.2016

## വിജ്ഞാപനം

ന്യൂനപ ക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി (IDMI) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചി ുള്ള പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സെൻസസ് ഡാ റ്റാപ്രകാരം ന്യൂനപക്ഷ ജനസംഖ്യ 20% നുമുകളിൽ ഉള്ള ജില്ലകൾ/ബ്ലോക്ക്/ടൗൺ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന യോഗ്യതയുള്ള ന്യൂനപക്ഷ സ്ഥാപനങ്ങൾ നടത്തുന്ന പ്രൈവറ്റ് എയ്ഡഡ്/അൺ എയ്ഡഡ് എലിമെന്ററി/സെക്ക ണ്ടറി/ സീനിയർ സെക്കണ്ടറി വിദ്യാലയങ്ങൾ എന്നിവക്ക് മുൻഗണന നൽകുന്നതായിരിക്കും.

1. കേന്ദ്ര /സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിച്ചിട്ടുള്ള സന്നദ്ധ സംഘടനകൾ / സൊസൈറ്റി / ട്രസ്റ്റ് എന്നിവ നടത്തുന്ന സ്കൂളുകൾക്കാണ് ഈ പദ്ധതിപ്രകാരം ഗ്രാന്റിന് അപേക്ഷിക്കാൻ അർഹത ഉള്ളത്.
2. സന്നദ്ധ സംഘടനകൾ മൂന്നു വർഷത്തിൽ കുറയാതെ പ്രവർത്തിച്ചുവരുന്നവയായിരിക്കണം. കൂടാതെ ഈ സന്നദ്ധ സംഘടനകൾ താഴെപറയുന്ന കാര്യങ്ങൾകൂടി പാലിച്ചിരിക്കേണ്ടതാണ്.

എ) കൃ ത്യമായ ഭരണഘടന/ Article of Association ഉണ്ടായിരിക്കേണ്ടതാണ്.

ബി) കൃ ത്യമായി ഒരു മാനേജിംഗ്ബോഡി ഉണ്ടായിരിക്കുകയും അവരുടെ അധികാരവും പ്രവർത്തനങ്ങളും ഭര ണഘടനയിൽ രേഖപ്പെടുത്തിയിരിക്കുകയും വേണം.

സി) ഈ സംഘടനകൾ വ്യക്തിക്കോ, വ്യക്തികൾക്കോ ഉള്ള ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നവയായിരിക്കണം.

ഡി) വ്യ ക്തിക്കോ, വ്യക്തികൾക്കോ, ഭാഷ, വർഗ്ഗം എന്നിവയുടെപേരിൽ യാതൊരു വിവേചനവും പാടുള്ളതല്ല.

ഇ) രാഷ്ട്രീയ പാർട്ടികളുടെ താത്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതോ, സാമുദായിക മൈത്രി തകർക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ ആയിരിക്കരുത്.

3. സ്ഥാപനം /വിദ്യാലയം 3 വർഷമെങ്കിലും പ്രവർത്തിച്ചു വരുന്നതും, ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള കുട്ടികളുടെ എണ്ണം കൂടുതൽ ഉണ്ടായിരിക്കുകയും വേണം. ഇവ കുട്ടികളിൽ നിന്ന് ഉയർന്ന നിരക്കിലുള്ള ഫീസ് വാങ്ങിക്കാൻ പാടുള്ളതല്ല.
4. ഈ പ ദ്ധതി പ്രകാരം പ്രൈവറ്റ് എയ്ഡഡ്/അൺഎയ്ഡഡ് ന്യൂനപക്ഷ എലിമെന്ററി/സെക്കണ്ടറി/സീനിയർ സെക്ക ണ്ടറി സ്കൂളുകൾക്ക് പരമാവധി 50 ലക്ഷം രൂപ എന്ന കണക്കിൽ എം.എച്ച്.ആർ.ഡി. അംഗീകരിച്ച എസ്റ്റിമേ റ്റിന്റെ 75% വരെ താഴെ പറയുന്ന അടിസ്ഥാനസൗകര്യ വികസനത്തിനായി ഗ്രാന്റ് അനുവദിക്കുന്നതാണ്. **ബാക്കി 25% മാനേജ്മെന്റ് ഷെയർ ആയി നിർബന്ധമായും ഉപയോഗിച്ചിരിക്കേണ്ടതാണ്.** താഴെ ചേർത്ത ിരിക്കുന്ന ആവശ്യങ്ങൾക്കായാണ് ഗ്രാന്റ് അനുവദിക്കുന്നത്.

I. നിലവിലുള്ള എലിമെന്ററി/സെക്കണ്ടറി/സീനിയർ സെക്കണ്ടറി സ്കൂളുകളിലെ അധിക ക്ലാസ്മുറികൾ സയൻസ്/കംപ്യൂട്ടർ ലാബ് റൂമുകൾ, ലൈബ്രറി റൂമുകൾ, ടോയ്‌ലറ്റുകൾ, കുടിവെള്ള സൗകര്യം തുടങ്ങിയ അക്കാദമിക/ഭൗതിക സൗകര്യങ്ങളുടെ ശാക്തീകരണത്തിന്.

II. ഹോസ്റ്റൽ ബിൽഡിംഗുകളുടെ നിർമ്മാണത്തിന്. (പ്രത്യേകിച്ച് പെൺകുട്ടികൾക്കുള്ള ഹോസ്റ്റലുകൾ)

III. മേൽ I, II ആവശ്യങ്ങൾക്കു പുറമേ സ്റ്റേറ്റ്/സെൻട്രൽ ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിക്ക് ബോധ്യമാകുന്ന ന്യായമായ അക്കാദമിക സൗകര്യങ്ങൾ നടപ്പാക്കുന്നതിന്.

**മറ്റ് നിർദ്ദേശങ്ങൾ**

1. IDMI ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിശ്ചിത പ്രഫോർമ www.education.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യപ്പെട്ട പൂർണ്ണമായ രേഖകൾ സഹിതം (2 കോപ്പി വീതം) **28/6/2016 വൈകിട്ട് 5 മണിക്കു** മുമ്പായി പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർപേഴ്സണായിട്ടുള്ള സംസ്ഥാന ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിയുടെ പേർക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ (ഡി.ഡി.ഇ) ഓഫീസിൽ സ്ഥാപനങ്ങളുടെ മാനേജർ നേരിട്ട് സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷയുടെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്.
3. ആവശ്യമില്ലാത്ത കോളങ്ങളിൽ Not applicable എന്ന് രേഖപ്പെടുത്തേണ്ടതാണ്.
4. അപേക്ഷയോടൊപ്പം അംഗീകാരം ലഭിച്ച ഉത്തരവിന്റേയും, ന്യൂനപക്ഷ പദവി ലഭിച്ച ഉത്തരവിന്റേയും സ്ഥാപനത്തിന്റെ ഭരണഘടനയുടെ പകർപ്പ്, മാനേജിംഗ് ബോഡിയിൽ തെരഞ്ഞെടുത്ത അംഗങ്ങളുടെ പട്ടികയുടെ പകർപ്പ്, സംഘടന/സൊസൈറ്റി/കോർപ്പറേറ്റ് ഏജൻസി ആയി രൂപീകരിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ട്രസ്റ്റ് രൂപീകരിച്ചുകൊണ്ടുള്ള ട്രസ്റ്റ് ഡീഡ് രജിസ്റ്റർ ചെയ്തതിന്റെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.
5. നടത്തുവാൻ ഉദ്ദേശിക്കുന്ന പണികളുടെ വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സർക്കാർ / തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറുടെ അംഗീകാരത്തോടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. പണിയാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെയും നിലവിലുള്ള കെട്ടിടങ്ങളുടെയും ഫോട്ടോഗ്രാഫ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കെട്ടിടം പണിക്ക് തെരഞ്ഞെടുത്ത സ്ഥലം പിന്നീട് മാറ്റാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
7. MHRD യുടെ മാർഗ്ഗനിർദേശമനുസരിച്ചു രേഖകൾ നൽകാത്തതിനാൽ അപേക്ഷകൾ തിരസ്കരിക്കപ്പെട്ട സ്ഥാപനങ്ങൾക്ക്, മേൽ സൂചിപ്പിച്ച രേഖകൾ ഉണ്ടെങ്കിൽ വീണ്ടും പുതിയതായി ഗ്രാന്റിന് അപേക്ഷിക്കാവുന്നതാണ്.
8. മുൻവർഷങ്ങളിൽ നിരസിക്കപ്പെട്ട അപേക്ഷകർ വീണ്ടും അപേക്ഷിക്കുമ്പോൾ മുൻപു നൽകിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പുതുക്കി സമർപ്പിക്കേണ്ടതാണ്.
9. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഗ്രാന്റ് ലഭിക്കുകയോ, അനുവദിക്കുകയോ ചെയ്ത സ്ഥാപനങ്ങൾ യാതൊരു കാരണവശാലും അപേക്ഷിക്കാൻ പാടുള്ളതല്ല.
10. അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളുടെ/സൊസൈറ്റിയുടെ തൊട്ടു മുൻപത്തെ 3 വർഷങ്ങളിലെ ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ നിർദ്ദിഷ്ട പ്രഫോർമയിൽ നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. ഈ പദ്ധതിയിൽ ഇതുവരെ ലഭിച്ചിട്ടുള്ള ഗ്രാന്റ് ഇൻ എയ്ഡുകളുടെ ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള അപ്ഡേറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട് സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കുമാത്രമേ ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

12. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ/സി&എ.ജി. ആവശ്യപ്പെടുന്ന പക്ഷം സന്നദ്ധ സംഘടനകൾ അക്കൗണ്ടുകൾ/നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

രണ്ടു ഘട്ടങ്ങളിലായാണ് ഗവൺമെന്റ് ഓഫ് ഇൻഡ്യ ഫണ്ട് അനുവദിക്കുന്നത്. രണ്ടാംഘട്ട ഫണ്ട് ആവശ്യപ്പെടുന്നതിനുമുമ്പായി ന്യൂനപക്ഷ സ്ഥാപനത്തിന്റെ വിഹിതമായ 25% തുക (ആകെ എം.എച്ച്.ആർ.ഡി അംഗീകരിച്ച ഗ്രാന്റിന്റെ) വിനിയോഗിച്ചിരിക്കേണ്ടതാണ്. ഒന്നാംഘട്ട ഫണ്ട് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ രണ്ടാംഘട്ട ഫണ്ട് ആവശ്യപ്പെടേണ്ടതാണ്. ആയതിനാൽ ഒന്നാംഘട്ട തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വരവ് ചെലവ് കണക്കുകൾ സഹിതം മേൽ കാലാവധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. മേൽ നിബന്ധനകൾ പാലിക്കാത്ത പക്ഷം രണ്ടാംഘട്ട ഗ്രാന്റ് ലഭിക്കുന്നതിന് അർഹതയില്ലാത്തതാണ്.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ക്രമം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

DIRECTORATE OF PUBLIC INSTRUCTION * THIRUVANANTHAPURAM-14

പൊതു വിദ്യാഭ്യാസ ഡയറക്ടർ

## അനുബന്ധം

1. സ്കൂൾ നടത്തുന്ന സംഘടന/സൊസൈറ്റിയുടെ പ്രവർത്തനങ്ങളുടെ സംഗ്രഹം
2. ഗ്രാന്റ് ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിവരണം
3. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അനുവദിച്ചിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ

    3(എ). സ്ക്കൂൾ റെക്കഗ്നൈസേഷൻ സർട്ടിഫിക്കറ്റ്.

    3(ബി). കേന്ദ്ര ന്യൂനപക്ഷകമ്മീഷൻ നൽകിയിട്ടുള്ള മൈനോറിറ്റി സർട്ടിഫിക്കറ്റ്.

    3(സി). സൊസൈറ്റി/സന്നദ്ധസംഘടനയുടെ സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് /ട്രസ്റ്റ് ഡീഡ്.

    3(ഡി). കോൺസ്റ്റിറ്റ്യൂഷൻ /ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ.

4. സ്കൂളിന്റെയും സ്കൂൾ നടത്തുന്ന സന്നദ്ധ സംഘടന/സൊസൈറ്റിയുടെയും ഓർഗനൈസേഷണൽ സ്ട്രക്ചർ, ആകെ സ്റ്റാഫിന്റെ എണ്ണവും അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച വിവരങ്ങൾ
5. സന്നദ്ധ സംഘടന/സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി/മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം, ചുമതലകൾ, നടത്തപ്പെട്ട മീറ്റിംഗുകൾ, പങ്കെടുത്ത അംഗങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ.
6. നിലവിലുള്ള ക്ലാസ്മുറികൾ, സയൻസ് ലാബ്, ലൈബ്രറി, കംപ്യൂട്ടർ ലാബ് എന്നിവയ്ക്കായുള്ള പ്രത്യേക സൗകര്യങ്ങൾ, അദ്ധ്യാപകരുടെ യോഗ്യത ഉൾപ്പെടെയുള്ള വിവരങ്ങൾ, കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പ്രവേശനം നൽകിയ ആൺ/പെൺ കുട്ടികളുടെ ക്ലാസ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ്.
7. പണിയാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെയും നിലവിലുള്ള കെട്ടിടത്തിന്റെയും ഫോട്ടോകൾ
8. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ചാർട്ടേർഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ ആഡിറ്റഡ് ബാലൻസ് ഷീറ്റ്, വരവു ചെലവ് കണക്കുകൾ എന്നിവ
9. സന്നദ്ധ സംഘടനകളുടെ വാർഷിക റിപ്പോർട്ട്.
10. സ്ക്കൂളിലെ ആകെ കുട്ടികൾ , മൈനോറിറ്റി വിഭാഗത്തിലെ കുട്ടികൾ എന്നിവരുടെ എണ്ണം-കഴിഞ്ഞ മൂന്നു വർഷത്തിലേത്.

DIRECTORATE OF PUBLIC INSTRUCTION * THIRUVANANTHAPURAM-14 *